# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.654** **04.03.2020-ൽ മറുപടിയ്ക്ക്**

## പട്ടിക വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹിക സ്ഥിതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക-സാമൂഹിക സ്ഥിതിയെപ്പറ്റി സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; | (എ) & (ബി) | പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക സാമൂഹിക സ്ഥിതിയെപ്പറ്റി ഒരു സമഗ്ര വിവരശേഖരണ സർവ്വെ നടത്തുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പട്ടികവർഗ്ഗക്കാരുടെ 2008 ലെ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിനും കൂടുതൽ വിവരങ്ങൾ കൂട്ടി ചേർക്കുന്നതിനുമായി ഒരു മൊബൈൽ ആപ് വികസിപ്പിക്കുകയും ടാബ് ഉപയോഗിച്ച് പട്ടികവർഗ്ഗ പ്രമോട്ടർമാർ വഴി എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. വാലിഡേഷൻ പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ സാമ്പത്തിക വർഷവും, സംസ്ഥാന വിഹിതമായി വകയിരുത്തുന്ന തുകയുടെ ഏകദേശം 90 ശതമാനം തുകയും ചെലവഴിക്കാൻ കഴിയുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ എല്ലാം തന്നെ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമായിരിക്കും നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗക്കാർ കൂടുതലും വനത്തിലും വനാന്തര പ്രദേശങ്ങളിലുമാണ് അധിവസിക്കുന്നത്. ഇത്തരം മേഖലകളിലാണ് മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. വിവിധ മേഖലകളിൽ കാലവർഷക്കെടുതി മൂലം ഗതാഗത തടസ്സം ഉണ്ടാകാറുണ്ട്. കൂടാതെ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്, കാലാവസ്ഥാ വ്യതിയാനം മുതലായ കാരണങ്ങളാൽ |

ചില പദ്ധതികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ല.

(ഡി) 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ഇവർക്കായി ബജറ്റിലും കേന്ദ്രവിഹിതമായും എത്ര തുക ഉൾപ്പെടുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

(ഡി) പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി ബജറ്റിൽ ഉൾപ്പെടുത്തിയ തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **സംസ്ഥാന വിഹിതം (തുക കോടിയിൽ)** | | **കേന്ദ്ര വിഹിതം (തുക കോടിയിൽ)** | |
|---|---|---|---|---|
| | **വകയിരുത്തിയത്** | **ചെലവഴിച്ചത്** | **വകയിരുത്തിയത്** | **ചെലവഴിച്ചത്** |
| 2018-19 | 1570.36 | 1167.40 | 317.48 | 256.67 |
| 2019-20 | 1649.00 | 662.26 | 343.33 | 193.21 |

കേന്ദ്രപദ്ധതികൾക്ക് സംസ്ഥാന സർക്കാർ തുക ചെലവഴിച്ചശേഷം കേന്ദ്രവിഹിതത്തിനായി അപേക്ഷിക്കുകയാണ്. എന്നാൽ കമ്മിറ്റഡ് ലയബിലിറ്റി എന്ന വ്യവസ്ഥയുള്ളതുകൊണ്ട് വളരെ ചെറിയ തുകകൾ മാത്രമാണ് കേന്ദ്രത്തിൽ നിന്ന് ലഭിച്ചുവരുന്നത്.

2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിന്റെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു. (പ്ലാൻ സ്പെയ്സ് പ്രകാരം)

| **പദ്ധതി** | **2018-19** | | |
|---|---|---|---|
| | **ബഡ്ജറ്റ് വിഹിതം** | **പദ്ധതി ചെലവ് (ട്രഷറി)** | **%** |
| സംസ്ഥാന പദ്ധതി വിഹിതം (20% പ്ലാൻ കട്ട് കഴിച്ച തുക) | 48690 | 47527.685 | 97.6 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 8230.02 | 4680.43 | 56.87 |
| ആകെ | 56920.02 | 52208.115 | 91.71 |

| പദ്ധതി | 2019-20 | | |
|---|---|---|---|
| | ബഡ്ജറ്റ് വിഹിതം | പദ്ധതി ചെലവ് ട്രഷറി | % |
| സംസ്ഥാന പദ്ധതി വിഹിതം | 62488.00 | 27056.966 | 43.30 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 7450.03 | 3528.85 | 47.37 |
| ആകെ | 69938.03 | 30585.82 | 43.73 |

സെക്ഷൻ ഓഫീസർ